**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **07-06-2021 - ൽ മറുപടിയ്ക്ക്**

**ചീമേനി തുറന്ന ജയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2016-21 കാലഘട്ടത്തിൽ ചീമേനി തുറന്ന ജയിലിൽ എന്തെല്ലാം പരിഷ്കാരങ്ങളും നവീകരണ പ്രവൃത്തികളുമാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ തുറന്ന ജയിലിലെ തടവുകാരുടെ വേതനം എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ തടവുകാരുടെ അടിസ്ഥാനവേതനം 20% ഉയർത്തിയിട്ടുണ്ട്. ചീമേനി തുറന്ന ജയിലിലെ തടവുകാരുടെ നിലവിലുണ്ടായിരുന്ന അടിസ്ഥാന വേതനം 148 രൂപയിൽനിന്നും 170 രൂപയായും അധിക ജോലിക്ക് ഉൾപ്പെടെയുള്ള വേതനം 200 രൂപയിൽനിന്നും 230 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ചീമേനി തുറന്ന ജയിലിൽ എന്തൊക്കെ നവീകരണ പ്രവൃത്തികളാണ് നടപ്പിൽ വരുത്താനുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (1)

(1) 2016-21 കാലഘട്ടത്തിൽ വിവിധ ഘട്ടങ്ങളിലായി അനുവദിച്ച 47,43,500/- രൂപ ചെലവഴിച്ച് ചീമേനി തുറന്ന ജയിലിലെ വിവിധങ്ങളായ ഫാമുകളുടെ നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ( പൗൾട്രി ഫാം -6, ഡയറി ഫാം-3, പിഗ്ഗ് ഫാം-1, ഗോട്ട് ഫാം- 1, മുയൽ ഫാം-1). കൂടാതെ 7.5 ലക്ഷം രൂപ ചെലവഴിച്ച് പശു, ആട് എന്നിവയെ വാങ്ങി ഫാമുകൾ വിപുലീകരിച്ചിട്ടുണ്ട്.

(2) 2017-18 ലെ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപ ചെലവിൽ ചീമേനി തുറന്ന ജയിലിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന കോടി എട്ടു ലക്ഷം രൂപ ചീമേനി തുറന്ന ജയിലിൽ പുതിയ ബാരക്ക് നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.

(3) ചീമേനി തുറന്ന ജയിലിലെ തടവുകാരുടെയും ഉദ്യോഗസ്ഥരുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2020-21 ലെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജയിലിൽ ഇടിമിന്നൽ രക്ഷാ ചാലകം സ്ഥാപിക്കുന്നതിനായി 9.10 ലക്ഷം രൂപ വകയിരുത്തുകയും പൊതുമരാമത്ത് വകുപ്പ് മുഖേന ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(4) പൊതുജനങ്ങൾക്കായി ചീമേനി തുറന്ന ജയിൽ പരിസരങ്ങളിലും മറ്റുമായി ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ, ബ്യൂട്ടി പാർലർ, സ്റ്റുഡിയോ, ടു വീലർ വർക്ക് ഷോപ്പ് എന്നിവ ആരംഭിക്കുകയും നിലവിലുണ്ടായിരുന്ന കഫറ്റേരിയ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

(5) ചീമേനി തുറന്ന ജയിലിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ജയിലിലെ തോടിനു കുറുകെ അന്തേവാസികളുടെ സേവനം പ്രയോജനപ്പെടുത്തി പ്രദേശവാസികൾക്കു തന്നെ ഉപകാരപ്രദമാകുന്ന രീതിയിലുള്ള 60 മീറ്റർ നീളത്തിലും 4 മീറ്റർ ഉയരത്തിലും 7.5 മീറ്റർ വീതിയിലുമുള്ള തടയണ, ഇതോടൊപ്പം കുളം നിർമ്മാണം, വിവിധ കെട്ടിടങ്ങളെ കിണറുകളുമായി ബന്ധപ്പെടുത്തി റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

(6) ജയിൽ കോമ്പൗണ്ടിനു ചുറ്റുമുള്ള കമ്പിവേലികൾ കാലപ്പഴക്കത്താൽ പലയിടങ്ങളിലായി നശിച്ചു പോയിരുന്നതിനാൽ അന്തേവാസികളുടെ സേവനം പ്രയോജനപ്പെടുത്തി ജയിലിലെ കല്ല് വെട്ട് യൂണിറ്റിൽനിന്നുള്ള വെട്ടുകല്ലുകൾ പ്രയോജനപ്പെടുത്തി ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും ആദ്യ ഘട്ടത്തിൽ ഒരു കിലോമീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മിക്കുകയും രണ്ടാം ഘട്ട മതിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(7) കാർഷിക മേഖലയിൽ പുതുതായി കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും വിവിധങ്ങളായ വിളകൾ കൃഷി ചെയ്യുകയും പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവുമായി ചേർന്ന് പച്ചക്കറി വിത്തുൽപാദന പദ്ധതിയും ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ അക്വാപോണിക്സ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(8) ചീമേനി തുറന്ന ജയിലിൽ പബ്ലിക് അഡ്രസ്സ് സംവിധാനം സ്ഥാപിക്കുന്നതിനായി 2020-21 ലെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പ് മുഖേന എഫ് എം റേഡിയോയോടു കൂടിയ പബ്ലിക് അഡ്രസ്സ് സിസ്റ്റം ടി ജയിലിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(9) കേരള ജയിൽ വകുപ്പിന്റെ കീഴിലുള്ളതും IOC യുമായി സഹകരിച്ച് പ്രവർത്തിക്കുന്നതുമായ നാലു പെട്രോൾ പമ്പുകളിൽ ഒരെണ്ണം ചീമേനി തുറന്ന ജയിലിൽ 30-07-2020 നു പ്രവർത്തനം ആരംഭിച്ചു. ആയത് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - (2)

(1) കൂടുതൽ തടവുകാരെ പാർപ്പിക്കുന്ന സെൻട്രൽ പ്രിസണുകൾ, തുറന്ന ജയിലുകൾ എന്നിവിടങ്ങളിൽ നിലവിലുള്ള ടോയ് ലെറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തിയും പുതിയ ടോയ് ലെറ്റുകൾ നിർമ്മിച്ചും ടോയ്ലെറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് ജയിലിലെ പൊതുവായ ശുചിത്വം നല്ലരീതിയിൽ പരിപാലിക്കുന്നതിന് അത്യാവശ്യമാണ്. കോവിഡ്-19 പോലുള്ള സാംക്രമിക രോഗങ്ങളുടെ സന്ദർഭങ്ങളിൽ ഇത് വളരെ അനിവാര്യമായ സംഗതിയാണ്. അതോടൊപ്പം ടി ജയിലുകളിൽ, ബ്ലോക്കുകൾക്ക് പുറത്ത് കൃഷിയിടങ്ങളിലും മറ്റും വിവിധ ജോലികളിൽ ഏർപ്പെടുന്ന അന്തേവാസികൾക്ക് ഉപയോഗിക്കുന്നതിന് ബ്ലോക്കുകൾക്ക് പുറത്തും ടോയ്ലറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. അതിനാൽ ചീമേനി തുറന്ന ജയിലിലെ ടോയ്ലറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ 2021-22 വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(2) ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ ബാരക്ക് മുതൽ പ്രധാന റോഡ് വരെയുള്ള ഏകദേശം ഒരു കിലോമീറ്റർ റോഡ് അറ്റകുറ്റപ്പണി നടത്തി ടാറ് ചെയ്യുന്നതിന് 12 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷം രൂപ) 2021-22 ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(3) 308 ഏക്കറിൽ സ്ഥിതി ചെയ്യുന്ന ചീമേനി തുറന്ന ജയിലിന്റെ മുക്കാൽ ഭാഗത്തോളമുള്ള കാഠിന്യമേറിയ പാറകൾ പൊട്ടിച്ചു മാറ്റി കാർഷിക-കാർഷികേതര പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ഒരു JCB Excavator with Jack Hammer വാങ്ങുന്നതിന് 2021-22 ലെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ 34.50 ലക്ഷം (മുപ്പത്തിനാല് ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്.

(4) പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്ന ജയിലിലെ ഭക്ഷണ നിർമ്മാണ യൂണിറ്റ് നിലവിൽ സ്റ്റാഫ് ക്വാർട്ടേഴ്സിൽ പരിമിതമായ സൗകര്യങ്ങളോടെയാണ് പ്രവർത്തിച്ചുവരുന്നത്. ടി യൂണിറ്റിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

(5) ചീമേനി തുറന്ന ജയിലിലെ അന്തേവാസികൾക്കായി ആധുനിക രീതിയിലുള്ള ഒരു കിച്ചൺ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അന്തേവാസികൾക്ക് നിലവിൽ ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് ഒരു ഡൈനിംഗ് ഹാൾ നിലവിലില്ല. ഒരു ഡൈനിംഗ് ഹാൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

(6) ദൂരദേശത്തുനിന്നും വരുന്നവർക്ക് താമസിക്കുന്നതിനായി ചീമേനിയിലും പരിസര പ്രദേശങ്ങളിലും യാതൊരു സൗകര്യവും ലഭ്യമല്ല. 8 മുറികളോട്ടു കൂടിയ ഒരു ഗസ്റ്റ് ഹൗസ് സ്ഥാപിക്കുകയാണെങ്കിൽ ജയിൽ വകുപ്പിന് വരുമാന മാർഗ്ഗവും സന്ദർശകർക്ക് ഉപകാരപ്രദവുമായിരിക്കും. മാത്രമല്ല അന്തേവാസികൾക്ക് ഹൗസ് കീപ്പിംഗ്, ഹോസ്പ്പിറ്റാലിറ്റി എന്നിവയിൽ പരിശീലനം നേടാനുള്ള അവസരം ലഭിക്കുന്നതാണ്. ഇത്തരം പരിപാലനങ്ങൾ അന്തേവാസികളുടെ തിരുത്തൽ പ്രക്രിയയ്ക്ക് സഹായകരമായിരിക്കും.

(7) ചീമേനിയിലും പരിസര പ്രദേശങ്ങളിലും, പൊതു പരിപാടികളും ചടങ്ങുകളും നടത്താവുന്ന സൗകര്യം ലഭ്യമല്ല. 500 പേരെ ഉൾക്കൊള്ളാവുന്ന ഹാളും ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിംഗ് ഹാളും നിർമ്മിക്കുകയാണെങ്കിൽ പ്രദേശവാസികൾക്ക് വളരെയധികം സഹായകരമായി മാറുന്ന ഒരു പദ്ധതിയായി മാറും. മാത്രമല്ല അന്തേവാസികൾക്ക് വലിയ രീതിയിലുള്ള കാറ്ററിംഗ് യൂണിറ്റ് നടത്തുന്നതിനുള്ള അവസരം ലഭിക്കുകയും, ജയിൽ മോചനത്തിനു ശേഷം ടി മേഖലയിൽ തന്നെ തൊഴിൽ കണ്ടെത്തുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്യും. മാത്രമല്ല സർക്കാരിന് നല്ലൊരു വരുമാനമാവുകയും വളരെ കുറഞ്ഞ കാലയളവിൽ തന്നെ മുടക്കുമുതൽ തിരികെ ലഭിക്കുകയും ചെയ്യും.

(8) ജയിൽ വക സ്ഥലത്തിന്റെ ഭൂരിഭാഗവും വിശാലമായ തുറന്ന പ്രദേശമായതിനാൽ കൂടുതൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുകയാണെങ്കിൽ സോളാർ എനർജി നല്ല രീതിയിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്നതും അതുവഴി സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതുമാണ്.

(9) ഘട്ടം ഘട്ടമായുള്ള ചുറ്റമതിൽ നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും പെരിഫറൽ റോഡ് നിർമ്മാണം, ആവശ്യമായ വഴിവിളക്കുകൾ സ്ഥാപിക്കൽ എന്നിവയും നടത്തേണ്ടതായിട്ടുണ്ട്.

(10) ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കഫറ്റേരിയ, ജയിലിൽ ഉല്പാദിപ്പിക്കുന്ന വസ്തുക്കളുടെ പ്രദർശന വിപണന കേന്ദ്രത്തിന്റെയും നിർമ്മാണം, എന്നിവ സമീപ ഭാവിയിൽതന്നെ നടത്തേണ്ടതായിട്ടുണ്ട്.

(11) അന്തേവാസികളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനം, യോഗ പരിശീലനം, തുടർവിദ്യാഭ്യാസം എന്നിവ നൽകുന്നതിനുമായി ഒരു സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ